മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ മറുപടികൾ നൽകുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5295/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 04.07.2018

സൂചന:- (1) സർവ്വകലാശാല ഉത്തരവ് നമ്പർ 5927/A1/2/2016/Admn. തീയതി 09.11.2016.
(2) 30.06.2018-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ. 6/18.05/181722.

## ഉത്തരവ്

വിവരാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ ലഭിക്കുന്ന പരാതികളുടെ ബാഹുല്യം മൂലം, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി പ്രവർത്തിക്കുന്ന ജോയിന്റ് രജിസ്ട്രാർമാർക്ക് സമയബന്ധിതമായി മറുപടി നൽകാനുള്ള ബുദ്ധിമുട്ടും വിവരാവകാശ അപേക്ഷകളുടെ വിതരണത്തിലും മറുപടികളുടെ ക്രോഡീകരണത്തിലും നിലവിലുള്ള സംവിധാനത്തിന്റെ ഗുരുതരമായ അപര്യാപ്തതയും കാലതാമസവും പരിഗണിച്ച്, താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് സൂചന (2) പ്രകാരം തീരുമാനിച്ചു.

1. സർവ്വകലാശാല ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി അതാത് വിഭാഗത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർമാരെയും, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി അതാത് വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർമാരെയും നിയോഗിക്കുന്നു.

2. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും മറുപടികൾ ക്രോഡീകരിക്കുന്നതിനുമായി, ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസ് സെക്ഷനെ ശക്തിപ്പെടുത്തുന്നതിനും പ്രസ്തുത ജോലികളുടെ മേൽനോട്ടത്തിനുമായി താൽക്കാലികമായി ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക സൃഷ്ടിക്കുന്നു.

3. സർവ്വകലാശാലയിലെ നിഷ്ക്രിയ തസ്തികകൾ മേൽനോട്ട തസ്തികകളായി മാറ്റാനുള്ള സർവ്വകലാശാല ബജറ്റിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തിയ പരിശോധന പ്രകാരം വൈസ് ചാൻസിലറുടെ പേഴ്സണൽ സെക്രട്ടറി (35,700 - 75,600), ആർട്ടിസ്റ്റ് കം ഫോട്ടോഗ്രാഫർ (36,600 - 79,200), കോപ്പി ഹോൾഡർ (20,000 - 45,800) എന്നീ തസ്തികകൾ നിഷ്ക്രിയ തസ്തികകളാണെന്ന് കണ്ടെത്തിയതിനാലും, ഈ മൂന്ന് തസ്തികകൾക്ക് പ്രതിമാസം അടിസ്ഥാന ശമ്പള ഇനത്തിൽ 92,300/- രൂപയും കാലാകാലങ്ങളിലെ ഡിയർനെസ്സ് അലവൻസും നൽകേണ്ടി വരുമായിരുന്ന അവസ്ഥയും പുതുതായി സൃഷ്ടിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയ്ക്ക് അടിസ്ഥാന ശമ്പളമായി 77,400/- രൂപ മാത്രമേ ചെലവഴിക്കേണ്ടി വരൂ എന്ന സാഹചര്യവും പരിഗണിച്ച് അധികമായി വരുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനായി മേൽ പറഞ്ഞ മൂന്ന് തസ്തികകളും ഇതോടൊപ്പം തന്നെ ഇല്ലാതാക്കിയിരിക്കുന്നു.

4. പബ്ലിക് റിലേഷൻ ഓഫീസറുടെ ചുമതല നിർവ്വഹിക്കുന്നതിന് താൽക്കാലികമായി പബ്ലിക് റിലേഷൻസ് ഓഫീസറായി പുനർനാമകരണം ചെയ്ത അസിസ്റ്റന്റ് രജിസ്ട്രാർ തസ്തിക ഇല്ലാതാക്കി, പബ്ലിക് റിലേഷൻസ് ഓഫീസറുടെ നിയമനം നടക്കുന്നതുവരെ ആ ചുമതലയും പുതുതായി സൃഷ്ടിച്ച ഡെപ്യൂട്ടി രജിസ്ട്രാർക്ക് നൽകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. എ.ആർ/ഡി.ആർ/ജെ.ആർ (ഭരണം/ഫിനാൻസ്/പരീക്ഷ/അക്കാദമികം)
5. എ.ഡി.ഡി./ഓഡിറ്റ് II/III / ജനറൽ കാഷ്/എ സി സി I/II/ ഇ എ II
6. ഫിനാൻസ് 1/4/എഫ്.സി.സി/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി/ റെക്കോർഡ്സ്/ഐ.ക്യൂ.എ.സി./സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ: എഡി.എ1-2-206/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം